MONDAY

17/11/2025

തിങ്കളാഴ്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

Chief Editor : SINDHU. KS    Editor : Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 17/11/2025

1. കേരള കാർഷിക സർവകലാശാലയിലെ കാർഷിക കോളേജ് തൃശ്ശൂർ വെള്ളാനിക്കരയ്ക്ക് കീഴിലുള്ള തോട്ട സുഗന്ധ വിള വിഭാഗത്തിൽ WCT ഇനത്തിൽ പെട്ട ഗുണമേന്മയുള്ള തെങ്ങിൻ തൈകളും, 3-4 മാസം പ്രായമുള്ള ജാതി തൈകളും വിൽപ്പനയ്ക്ക് തയ്യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് **8921855655, 9400191539** എന്നീ നമ്പറുകളിൽ പ്രവർത്തി ദിവസങ്ങളിൽ ബന്ധപ്പെടുക.

2. ക്ഷീരവികസനവകുപ്പിന്റെയും, സാമ്പത്തിക സ്ഥിതിവിവര ക്കണക്ക് വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ മിൽമ, കേരള ഫീഡ്സ്, ക്ഷീരസഹകരണ സംഘങ്ങൾ എന്നിവയുടെ സഹകരണത്തോടെ ക്ഷീരമേഖലയിലെ എല്ലാ സ്റ്റേക്ക് ഹോൾഡർമാർക്കും ഭാവി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സഹായകരമാകുന്ന രീതിയിൽ **"സംസ്ഥാന ക്ഷീരമേഖല-സമഗ്ര സർവേ 2025-26"** എന്ന പേരിൽ ഒരു സാമ്പിൾ സർവേ നടത്തുകയാണ്. കേരളത്തിലുടനീളമുള്ള ക്ഷീരകർഷകരുടെ പശു പരിപാലനരീതികൾ, പാലുൽപ്പാദനം സംബന്ധിച്ച വിവരങ്ങൾ, ഉപയോഗിക്കുന്ന

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കാലിത്തീറ്റയുടെ കണക്ക്, പാലിന്റെ ഉപഭോഗം, വിപണനം, തീറ്റപ്പുൽകൃഷിക്കായി ഉപയോഗിക്കുന്ന ഭൂമിയുടെ വിസ്തൃതി, തീറ്റപ്പുല്ലിന്റെ ലഭ്യത എന്നിവ ഉൾപ്പെടുത്തി സമഗ്രമായ വിവരശേഖരണം സർവേ 2025 നവംബർ 1 ന് ആരംഭിച്ചു. 2025 നവംബർ 10 മുതൽ ഡിസംബർ 10 വരെയാണ് സർവേയുടെ സമയപരിധി. ശാസ്ത്രീയമായി തെരഞ്ഞെടുക്കപ്പെട്ട 756 വാർഡുകളാണ് വിവരശേഖരണത്തിനായി തെരഞ്ഞെടുത്തിരിക്കുന്നത്. ക്ഷീര വികസന വകുപ്പുമായി ബന്ധപ്പെട്ട ഡയറി പ്രൊമോട്ടർമാർ, വുമൺ ക്യാറ്റിൽ കെയർ വർക്കർമാർ, സംഘം പ്രതിനിധികൾ എന്നിവരടങ്ങുന്ന 378 പേരെയാണ് എന്യൂമറേറ്റർമാരായി തെരഞ്ഞെടുത്തിട്ടുള്ളത്.

3. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ലാറ്റക്സ് ഹാർവെസ്റ്റ് ടെക്നോളജി ഡിവിഷനിൽ ജൂനിയർ റിസേർച്ച് ഫെല്ലോ, പ്രൊജക്ട് അസിസ്റ്റന്റ് എന്നീ താത്കാലിക തസ്തികകളിലേക്ക് അർഹരായവരെ തെരഞ്ഞെടുക്കുന്നതിന് നിശ്ചയിച്ചിരുന്ന എഴുത്തുപരീക്ഷയും അഭിമുഖവും 2025 നവംബർ 18-ന് രാവിലെ 9.30 -ലേക്ക്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

മാറ്റിവെച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് റബ്ബർബോർഡിന്റെ വെബ്സൈറ്റ് (www.rubberboard.gov.in) സന്ദർശിക്കുക.

## പരിശീലന പരിപാടി

4. മിത്രനികേതൻ KVK യിൽ വെച്ച് 2025 നവംബർ മാസം 19, 20 തീയതികളിൽ ചെടികളിലെ ബഡ്ഡിങ്, ഗ്രാഫ്റ്റിംഗ്, ലേയറിങ്, പ്രോട്രേയിലെ പച്ചക്കറി തൈകളുടെ ഉത്പാദനം എന്നീ വിഷയങ്ങളെ സംബന്ധിച്ച് ഒരു പരിശീലനം സംഘടിപ്പിക്കുന്നു. പ്രസ്തുത പരിശീലനത്തിന് പങ്കെടുക്കുവാൻ താല്പര്യമുള്ളവർ 9447856216 എന്ന നമ്പരിൽ തങ്ങളുടെ പേരും ഫോൺ നമ്പരും whatsapp ചെയ്തു അറിയിക്കേണ്ടതാണ്. പരിശീലനത്തിന് 700 രൂപ രജിസ്ട്രേഷൻ ഫീസ് ആണ് ഉള്ളത്. നവംബർ മാസം 15 ന് മുൻപായി രജിസ്ട്രേഷന് തന്നിരിക്കുന്ന ഫോൺ നമ്പരിൽ ഗൂഗിൾ പേ ചെയ്തതിനുശേഷം സ്ക്രീൻഷോട്ട് വാട്സ്ആപ്പ് ചെയ്ത് നൽകേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 20 പേർക്ക് ആയിരിക്കും പരിശീലനത്തിൽ പ്രവേശനം നൽകുന്നത്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. ക്ഷീരവികസന വകുപ്പിന്റെ പട്ടത്തുള്ള ക്ഷീരപരിശീലനകേന്ദ്രത്തിൽ വച്ച് 2025 നവംബർ മാസം 18/11/2025 മുതൽ 20/11/2025 വരെ ക്ഷീരസഹകരണസംഘം ലാബ് അസിസ്റ്റന്റ് /പ്രൊക്യൂർമെൻറ് അസിസ്റ്റന്റ്മാർക്കുള്ള പരിശീലനപരിപാടി. ഉണ്ടായിരിക്കുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 20/- രൂപ പരിശീലനപരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 2025 നവംബർ 17-ാം തീയതി വരെ വൈകുന്നേരം 5 മണിയ്ക്ക് മുമ്പായി ഈ പരിശീലന കേന്ദ്രത്തിൽ ഫോൺ മുഖേനയോ, നേരിട്ടോ ബുക്ക് ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം. 0471-2440911. മേൽവിലാസം:- ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം.പി.ഒ, തിരുവനന്തപുരം-695004. ഈമെയിൽ ID: principaldtctvm@gmail.com

**കാർഷിക നിർദേശം**

ജലസേചന സൗകര്യമുള്ള സ്ഥലങ്ങളിൽ വേനൽക്കാല പച്ചക്കറികൾ കൃഷി ചെയ്യാം. മുളക്, തക്കാളി, വഴുതന എന്നിവയിൽ സാധാരണ കാണുന്ന വാട്ടരോഗത്തിന്റെ സാദ്ധ്യത കുറയ്ക്കുന്നതിന് നിലമൊരുക്കുന്ന സമയത്ത് തന്നെ സെന്റൊന്നിന് 2.5 കിലോഗ്രാം കുമ്മായം

ff



ചേർക്കുന്നത് നല്ലതാണ്. ഒപ്പം മണ്ണിന്റെ നീർവാർച്ച ഉറപ്പുവരുത്തുകയും വേണം. നീരൂറ്റികുടിക്കുന്ന വെള്ളീച്ചകൾ, ശല്ക്കകീടങ്ങൾ, മീലിമൂട്ടകൾ എന്നിവയ്ക്കെതിരെ വേർട്ടിസീലിയം എന്ന ജീവാണു കൾച്ചറും, കായ്തുരപ്പൻപുഴു, തണ്ടുതുരപ്പൻപുഴു എന്നിവയ്ക്കെതിരെ ബ്യൂവേറിയ എന്ന ജീവാണുകൾച്ചറും 20 ഗ്രാം ഒരു ലിറ്റർ എന്ന തോതിൽ തളിക്കാവുന്നതാണ്. സ്യൂഡോമോണാസ് എന്ന ജീവാണു കൾച്ചറിന്റെ പ്രയോഗം വഴി രോഗങ്ങൾക്കെതിരെ പ്രതിരോധം ഉണ്ടാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം